**കുമാര സംഭവങ്ങൾ**

*By Farmis Hashim*

*2001 Civil*

ലണ്ടനിലെ ബിഗ് ബെൻ മണി. ഒരായിരം റാത്തൽ ഭാരം കാണും. അവൻ കിടന്നങ്ങനെ ആടുകയാണ്. ണീം... ണീം.. ണീം.. ആട്ടത്തിന്റെ ഓസിലേഷനും വെലോസിറ്റിയും ഡാംപിംഗും ധ്രുതഗതിയിൽ കാൽക്കുലേറ്റ് ചെയ്ത് സിമ്പിൾ ഹാർമോണിക് മോഷൻ വരച്ച വാൽട്യൂബ് രാജകുമാരന്റെ(1) നെഞ്ചിൽ ഒരു ഇടിമിന്നൽ. സംഗതി കൂട്ടും കിടക്കേം പറിച്ചെടുത്ത് തന്റെ തിരു മൂർദ്ധാവിൽ ലാന്റ് ചെയ്യാൻ വലിയ താമസമില്ല എന്ന് മനസിലായതും "യെന്റമ്മച്ച്യേ" എന്ന നിലവിളിയോടെ സപ്രമഞ്ചക്കട്ടിലിൽ ചാടിയെണീറ്റിരുന്നു. ഒരു വേപഥു. രാജ രക്തമാണ്. സ്വപ്നത്തിലായാലും "എന്റെ മാതാശ്രീ" എന്നായിരുന്നു പുലമ്പേണ്ടിയിരുന്നത്.. കലികാലമെന്നല്ലാതെ....

കണ്ണിൽ ഇരുട്ടു മാറി, എട്ടു മണിയുടെ വെളിച്ചം നിറഞ്ഞു. ചെവിയിൽ മൂളൽ മാറി, ണീം ണീം നാദത്തിന്റെ ചെറിയ വേർഷൻ കേറി. ഓ അലാറമാണ് സംഗതി. മണ്ടയ്ക്കിട്ട് ഒരു കിഴുക്ക കൊടുത്തതും അവൻ വായ് പൊത്തി റാൻ മൂളി. വീണ്ടും പുതപ്പിനടിയിലേക്ക് ഊളിയിടാൻ ഒരു ശ്രമം നടത്തുമ്പോൾ മാതാശ്രീയുടെ തിരുരൂപം വാതിൽക്കൽ ഒരു നിഴലായി മിന്നി മറഞ്ഞു. കൈയിലെ വെള്ളത്തിൽ നിന്ന് ആവി പറക്കുന്നതു കൊണ്ട് 'ചൂടുവെള്ളമാകാതെ തരല്യ' എന്ന് നിരീച്ചു. ഉഷാർ... പുതപ്പു പറിച്ചെറിഞ്ഞ് അറ്റൻഷനായി.

"പള്ളിച്ചായ കിട്ടിയില്ല.."

മാതാശ്രീ മുഖം വെട്ടിത്തിരിച്ച് ഊട്ടുപുരയിലേക്ക് മറഞ്ഞു. പ്രാതലിന്റെ കൂടെ ചായ കോമ്പൻസേറ്റ് ചെയ്യാം എന്ന കാൽക്കുലേഷനിൽ ഇരിക്കവേയാണ് സതീർത്ഥ്യൻ ഖഡ്ഗൻ(2) ഇന്നലെ പറഞ്ഞ കാര്യം ഓർത്തത്. പ്രഥമ വർഷന്മാർ/വർഷിണികൾ ഇന്നാദ്യമായി നമ്മുടെ കൊട്ടാരവളപ്പിൽ കൈകാൽ കുത്തുന്നു. പതിവില്ലാത്ത വിധം അന്ന് ഉമിക്കരിയിട്ട് പല്ലു വിളക്കി. തേവാരം പതിവിലും നീണ്ടു. തീർന്ന താളിയുടെ പുതിയ കുപ്പി കൊണ്ടു വെയ്ക്കാത്തതിന് മാതാശ്രീയെ അകമേ പ്രാകി.

വിളിക്കുന്നതിനു മുമ്പേ ഊട്ടുപുരയിൽ ആസനസ്ഥനായി. മണമടിച്ചതും, 'ഇന്നും ഇഡ്ഡലിയും സാമ്പാറും തന്നേ എന്റെ പത്മനാഭസ്വാമീ' എന്ന് നിരീച്ച് മനസ്സില്ലാ മനസ്സോടെ ഒരെട്ടെണ്ണം കഷ്ടപ്പെട്ട് ചെലുത്തി. ആനുപാതികമായി സാമ്പാറും അണ്ണാക്കിലേക്ക് കോരിയൊഴിച്ചു.

കൂട്ടത്തിൽ നാറ്റം കുറഞ്ഞ ഒരു ഡെനിം കാൽശരായിയും, കോളറിലെ അഴുക്ക് വല്യ തരക്കേടില്ല എന്നു തോന്നിയ ഒരു കോട്ടൻ കുപ്പായവും അണിഞ്ഞ് അന്തപുരത്തിൽ നിന്നും ശരവേഗത്തിൽ നിഷ്കാസിതനായി. രാജരഥം പാർക്കിംഗിൽ കാത്തിരിക്കുന്നു. ഹോണ്ടയുടെ എഞ്ചിൻ.. കൂടിയ കുതിരശക്തിയാണത്രെ.. രഥത്തെ തുടകൾക്കിടയിലിട്ട് അങ്ങോട്ടുമിങ്ങോട്ടും ഒന്നാട്ടിയപ്പോഴാണ് സിലിണ്ടർ നനയാൻ പോലും തുള്ളി രക്തം അതിലില്ലെന്ന് മനസ്സിലായത്. പതിവു സീൻ.. കവാടത്തിലെ ഭൃത്യൻ നടന്നു വരുന്നു.

"ഇങ്ങ്ട് വര്യ.."

"വന്നു.."

"എത്രക്കുള്ളതുണ്ട്?"

"ഒരു പത്തു വരാഹൻ"

"കൊട്ടാര വളപ്പിലെത്താൻ അതു മതി"

പത്തെറിഞ്ഞു. ഒരു കൊച്ചു കുപ്പിയിൽ ജീവരക്തമെത്തി. രാജരഥം വ്യാഘ്രമായി. ഇരുപതേ ഇരുപത് നിമിഷം. കൊട്ടാര വളപ്പിലെ അക്കേഷ്യ മരങ്ങൾ കുമാരനെ തലയാട്ടി സ്വീകരിച്ചു. കുമാരൻ തലയാട്ടി സ്വീകരണം ഏറ്റുവാങ്ങി.

"SFI Welcomes the New Comers". രണാങ്കണത്തിലെ പുതിയ ലിഖിതമാണ്. ഊഹം തെറ്റിയില്ല. സതീർത്ഥ്യൻ മുൻനിരയിൽ നിൽപ്പുണ്ട്. വെള്ളക്കുപ്പായം, വെള്ളമുണ്ട്, കറുത്ത നിറം. തിരിച്ചറിയാൻ പ്രയാസമില്ല. പൌഡറിട്ടു വെളുപ്പിക്കാൻ ഒരു വിഫലശ്രമം നടത്തിയോ എന്നൊരു സന്ദേഹമില്ലാതെയില്ല. വേണ്ടായിരുന്നു. കൊട്ടാരത്തിലെ തരുണീമണികൾ കണ്ണെഴുതി പൊട്ടു തൊടുന്നത് സതീർത്ഥ്യന്റെ തൊലിപ്പുറം തൊട്ടാണെന്ന് ആർക്കാണറിയാത്തത്?

പുതു തരുണീമണികളും മണന്മാരും ഗുമുഗുമാന്ന് ഒഴുകി വരുന്നു. മണന്മാരെ മൈന്റ് ചെയ്യാൻ പോയില്ല. കൂട്ടത്തിൽ ഒരു മാൻ മിഴിയാളെ കൈ ഞൊടിച്ച് വിളിച്ചു.

മുട്ടുവിറച്ച് അമ്മ്യാർ ഹാജർ വെച്ചു. കുമാരന്റെ മനസ്സ് പൂങ്കാവനമായി. ഭാവനകൾ വിടർന്ന് പടർന്ന് പന്തലിച്ചുല്ലസിച്ചു. നോട്ടം മെൻസ് ഹോസ്റ്റലിനപ്പുറത്തുള്ള ഒരു മലയിലുറപ്പിച്ച് മൊഴിഞ്ഞു:

"ആ കാണുന്ന പർവതം കാണ്മതായോ ഭവതീ?"

"ഉവ്വ് പ്രഭോ"

"അതിന്മുകളിൽ ഒരു വൃക്ഷം കാണ്മതായോ?

"ഉവ്വ് പ്രഭോ"

"എങ്കീ യെന്റെ കയ്യീപ്പിടിക്ക് പെണ്ണേ... നമക്ക് വോടിപ്പോയി അയിന്റെ മൂട്ടീ ഇരിയേച്ചും വരാം!"

"വാട്ട്?!!"

അമ്മ്യാരു കുട്ടി തകർന്നു തരിപ്പണമായി.. പീസ് പീസായി.

കുമാരൻ ബോധം വീണ്ടെടുത്തു.. ഓ ഷിറ്റ്.. രാജരക്തം..

“മനോഹരമായ ആ കുന്നിൻ ചെരിവുകളിലെ കാനനച്ചോലയിൽ തിരുവയറൊഴിക്കാൻ നമ്മുടെ കൂടെ എഴുന്നള്ളുന്നോ ഭവതി?”

അമ്മ്യാർ സ്റ്റൂട്ട്. ചുറ്റും നിന്ന മറ്റു തരുണികളുടെ മുഖം A4 സൈസ് വെള്ളക്കടലാസ്. കുമാരൻ ആത്മ സംതൃപ്തിയോടെ പുഞ്ചിരിച്ചു. സതീർത്ഥ്യൻ പുറം തട്ടി അഭിനന്ദിച്ചു.

മുന്തിരിക്കുലകൾ പോലെ കൂട്ടം കൂട്ടമായി മാന്മിഴിയാളുകൾ ഘോഷയാത്ര നടത്തുന്നു. കുലയിൽ നിന്നും തെറിച്ചു പോയ ഒരു തെറിച്ച ലുക്കുള്ള ഒരുവളാണ് കുമാരന്റെ സന്നിധിയിൽ പിന്നീട് ഹാജരായത്.

“മോഹിനീ.. നമ്മുടെ പാദദ്വയങ്ങൾക്കിടയിൽ വിരാജിക്കുന്നത് എന്താണെന്ന് മൊഴിഞ്ഞാലും”

മോഹിനി മാനത്തേക്ക് നോക്കി. കുമാരൻ സതീർത്ഥ്യനേയും. സംഗതിയുടെ കിടപ്പ് മനസ്സിലാക്കിയ സതി ഒരു ക്വിക്ക് ട്രാൻസിലേഷനിലൂടെ ആ തിരോന്തരം പയലിന് കാര്യമോതിക്കൊടുത്തു.

“ടീ പെണ്ണേ യീ അണ്ണന്റെ കാലിന്റെടേ കെടക്കണത് യെന്തരെന്നാണ് അണ്ണൻ ചാാതിച്ചത്”

100 മൈലിൽ കുതിക്കാൻ തുടങ്ങിയ പെണ്ണിനെ കുമാരൻ വലം കാൽ വെച്ച് വീഴ്ത്തി.

“പറയാൻ മടിയെന്തിന് പ്രിയേ, രാജരഥമല്ലേ നമ്മുടെ പാദദ്വയങ്ങൾക്കിടയിൽ?”

സംഭവം ശരിയാണ്. കുമാരൻ വന്ന ചേലിക്ക് ബൈക്കിൽ തന്നെ ഇരിക്കുകയായിരുന്നല്ലോ..

വീണ്ടും ആത്മസംതൃപ്തി, പുഞ്ചിരി, പുറം തട്ടൽ. അഭിമാനത്തോടെ കുമാരൻ കാലിന്മേൽ കാൽ കയറ്റിവെച്ചു. അതുവഴി പോയ ഒരു പുതു വർഷൻ ആ കാൽ തനിക്കുള്ളതാണെന്നു കരുതി അതിൽ തൊട്ടു വന്ദിച്ചു. ആകെ മൊത്തം സെറ്റപ്പ് കൊള്ളാമെന്ന് കുമാരൻ മനസ്സിൽ പറയുകയുണ്ടായി.

അങ്ങനെ ചെറുമൃഗങ്ങളെ ഒന്നൊന്നായി എയ്തു വീഴ്ത്തി കുമാരന്റെ നായാട്ട് മുന്നേറി. ഗുഡ് ഗോയിംഗ്. ഒരു വിശ്രമം ആവശ്യമല്ലേ എന്ന് സതീർത്ഥ്യ ഭൃത്യൻ ഉണർത്തിച്ചപ്പോൾ അത് ശരിയല്ലേ എന്ന് വർണ്യത്തിലാശങ്കയാൽ തിരുവുള്ളവും വെച്ചു.

കൊട്ടാരത്തിന് താഴെയുള്ള വിശ്രമശാലകളിൽ പതിവ് ധൂമ്രപാനത്തിനായി കുമാരൻ എഴുന്നള്ളി. അനിലന്റെ(3) വിശ്രമശാലയിലേക്ക് കുമാരൻ നോക്കിയത് പോലുമില്ല. ചോവനായതു കൊണ്ടല്ല. നോം മുന്നൂറ് വരാഹൻ തരാനുണ്ടെന്നാണ് മ്ലേച്ഛൻ പറയുന്നത്.. പോകാൻ പറ!

അമ്മാവന്റെ(4) വിശ്രമശാലയുടെ അരമതിൽക്കെട്ടിൽ കുന്തിച്ചിരുന്നു ധൂമ്രശകലങ്ങൾ വർത്തുളാകൃതിയിൽ വിക്ഷേപിച്ചു കൊണ്ടിരുന്നപ്പോഴാണ് അടുത്ത ഇര അന്നനടയായി തലവെച്ചു തന്നത് - പ്രഥമ വർഷിണി തന്നെ.

“വാരസ്യാരേ.. ഇങ്ങട് വരൂ..”

വന്നു, മൊഴിഞ്ഞു:

“വാരസ്യാരല്ല മ്പ്രാനേ.. ഈഴവി.. തീണ്ടാരി.. അയ്യം!..”

കുമാരൻ കോപം കൊണ്ട് ജ്വലിച്ചു. ദെൻ എക്സ്പ്ലോഡഡ്.

“ഷട്ടപ്പൈസേ..! നമുക്കെല്ലാ പ്രജകളും ഒരു പോലെയാണെന്നറിയില്ലേ?”

“കല്പിച്ച്..”

“ക്ഷേത്ര പ്രവേശന വിളംബരത്തെക്കുറിച്ച് കേട്ടിട്ടുണ്ടോ?”

“.........”

“സഹോദരൻ അയ്യപ്പൻ? ഗുരു നാരായണൻ? അയ്യങ്കാളി? കേട്ടിട്ടുണ്ടോ? ഉണ്ടോ? ഉണ്ടോ?...”

“ഉണ്ടില്ല മ്പ്രാ..”

“എങ്കീ വാ ഉണ്ണാം... പിതാമഹൻ ആശീർവദിച്ച് എത്ര പൊൻപണം തന്നു വിട്ടു? ഐ മീൻ, പോക്കറ്റ് മണി?”

“അണ പൈ ചില്ലറ ചേർത്ത് ഒരു നൂറു വരാഹൻ വരും തമ്പ്രാ..”

“കാര്യമാത്രപ്രസക്തം.. നടക്കിൻ ലോർഡ്സ് തീൻശാലയിലേക്ക്..”

കുമാരൻ ‘ബ്രൂ..ബ്രൂ’ എന്ന ശബ്ദത്തോടെ കുതിരയെ തെളിച്ചു. കുതിര മുമ്പിൽ, കുമാര-സതീർത്ഥ്യ സഖ്യം പിമ്പിൽ. സതീർത്ഥ്യൻ മുരടനക്കി. “എന്തിരപ്പീ” എന്ന് കണ്ണുകൾ കൊണ്ട് യജമാനൻ.

“സ്ഥൂല ശരീരിണി. അനുപാതം മഹാമോശം. ഫറോക്ക് രാജ്യത്ത് പോയി ഈർന്നാൽ ഒരു പത്തേമാരി രണ്ടരത്തരം. ബാക്കി കൊഴുപ്പിന് ഒരു ലൈഫ്ബോട്ട് വേണോ അതോ...”

“പ്സ്സ്സ്......” കുമാരന്റെ ചുണ്ടും ചൂണ്ടുവിരലും ചേർന്നു. “പട്ടിണി കിടക്കണോ?”

“വേണ്ടങ്ങുന്നേ..”

“എങ്കിൽ മിണ്ടാതെ ഉരിയാടാതെ കൂടെ വരിക”

സതീർത്ഥ്യൻ പിന്നെ കമാന്നൊരു ശബ്ദം മിണ്ടിയില്ല. വാ തുറന്നില്ല. പിന്നീട് തുറന്നപ്പോൾ പുറത്ത് വന്നത് ഗ്ലക്ക് ഗ്ലക്ക് തുടങ്ങിയ നീച ശബ്ദങ്ങൾ. തീൻമേശ, ചിക്കൻ ബിരിയാണി, ബീഫ് കൊത്തുപൊറോട്ട.

***** ***** ***** ***** *****

മഞ്ഞു പോയി, വെയിൽ വന്നു. കൊട്ടാരത്തിൽ തെരഞ്ഞെടുപ്പാത്രെ! SFI, ABVP തുടങ്ങിയ മന്ത്യ ഇനങ്ങളാത്രെ ഇതൊക്കെ കൊണ്ട് പിടിച്ച് നടത്തുന്നത്. കുമാരൻ ഇതൊന്നും കാര്യമാക്കാതെ മെക്സ് കോർണറിൽ മലർന്നു കിടന്ന് വർത്തുളാകൃതിയിൽ ധൂമ്രം വിട്ട് രസിച്ചു. അനിലന്റെ വിശ്രമശാലയിലെ പറ്റ് (എന്നും പറയാം) അപ്ഫൻ തിരുമനസ്സ് വന്ന് വീട്ടുകയുണ്ടായല്ലോ. പിതാശ്രീ നല്ലവനാണ്. അസാരം പണം കയ്യിലുണ്ടെന്നേയുള്ളൂ. അഞ്ച് വരാഹൻ പോക്കറ്റ് മണി തരില്ല.. മുടിഞ്ഞു പോകത്തേയുള്ളൂ.. എന്നാലും പിതാശ്രീ നല്ലവനാണു കേട്ടോ...

കാല്പെരുമാറ്റം. തലയൊന്നു ചെരിക്കേണ്ടി വന്നു. അംഗരാജ്യത്തെ പടയാളികളാണ്.

“ഉം?”

“ഒരു കാര്യം ഉണർത്തിക്കാനുണ്ടായിരുന്നു..”

“എഴുന്നള്ളിക്കൂ..”

“ഞങ്ങൾ ഓടക്കുഴൽ(5) സംഘടനയുടെ മെമ്പ്രേമ്മാരാന്നേ..”

“ആയിക്കോളൂ”

“അടുത്ത തെരഞ്ഞെടുപ്പിൽ പ്രധാന കാര്യവാഹിയായി ഞങ്ങൾക്കൊരു സ്ഥാനാർത്ഥിയെ വേണം”

“വെച്ചോളൂ..”

“അതിന് ഏറ്റവും യോജിച്ചവൻ അങ്ങാണെന്നാണ് പൊതുജന പക്ഷം”

കുമാരൻ അമർന്നിരുന്നു. മുഖസ്തുതിയാണ്. ബ്ലഡി ഫൂൾസ്. എന്നാലും കേൾക്കാൻ സുഖംണ്ട്.

“അതിന്?”

“അങ്ങൊരു ഉം മൂളിയാൽ മതി. ബാക്കിയെല്ലാം ഞങ്ങളേറ്റു”

കുമാരൻ ആലോചിക്കുന്നതായി അഭിനയിച്ചു. പിന്നെ മൂളി.

“ഊം..”

പ്രചാരണ പരിപാടികൾ കലക്കി കട്ടിലൊടിച്ചു. അവസാന ദിവസം ‘മീറ്റ് ദ കാൻഡിഡേറ്റ്’ എന്ന രസള്ള ഒരുട്ടം അഭ്യാസം കൂടെയുണ്ട്. കുമാരൻ വേദിയിൽ കയറാൻ തയ്യാറായി നിന്നു. ഒരു കറുപ്പു നിറം ഓടിക്കിതച്ചു വന്നു നിന്നു. സതീർത്ഥ്യനാണ്. എന്തെന്നു കണ്ണുകൾ കൊണ്ട് യജമാൻ.

“തിട്ടൂരം അങ്ങുന്നേ..”

“ആര് കല്പിച്ചരുളിയത്?”

“ഡീൻ”

“അപ്പോൾ കത്തി വേഷമാണ്. വിഷയം ചൊൽക”

“അങ്ങുന്ന് വേദിയിൽ കയറരുതെന്ന്..”

“അടിസ്ഥാനം?”

“മുമ്പ് മേടിച്ചു കൂട്ടിയ മൂന്ന് സസ്പെൻഷൻ”

കോമ്പ്ലിക്കേറ്റഡ് ആണല്ലോ ശ്രീ പത്മനാഭാ.. കുമാരൻ ചിന്തിച്ചു. ചിന്തിച്ചു ചിന്തിച്ചു തലയിൽ പുകയുയർന്നു. ആ തീ കെടുത്താൻ ചന്നം പിന്നം ചന്നം പിന്നം മഴ ചാറി.

“സതീർത്ഥ“

“യെസ്സാർ”

“ഇഞ്ച കിട്ടുമോ?”

“ഇഞ്ചി കിട്ടും. ഹോസ്റ്റൽ മെസ്സിൽ ചെന്നാൽ”

എങ്കിൽ അത് കടിച്ച് നീ ഇവിടെ കുന്തിച്ചിരിക്യ”

രാജരഥം ഉരുണ്ടു. ഹോസ്റ്റലിൽ ചെന്നു നിന്നു. ആദ്യം കണ്ട മുറിയിൽ ഇടിച്ചു കയറി. അലമാര തുറന്നു ആസകലം ഒരു വീക്ഷണം നടത്തി. ഇഞ്ചയില്ല. ബ്ലേഡു പരുവത്തിൽ ഒരു സോപ്പുണ്ട്. മതി. അയയിൽ കിടക്കുന്ന നിറയെ തുളകളുള്ള നരച്ച ആ സാധനത്തിന് തോർത്തെന്നാണോ പറയുക? എങ്കിൽ അതും പോരട്ടെ ഒരെണ്ണം.

മഴ തിമിർക്കുന്നു. തുള്ളിക്കൊരു കുടം പേമാരി.. തുള്ളിയൊഴുകം പേമാരി.. വേദിയിൽ പ്രസംഗം തകർക്കുന്നു. ‘ഡിസ്റ്റിൽഡ് ഗോജിൽബ(6)’യുടെ കലാസംഘടനാ കാര്യ വാഹക സ്ഥാനാർത്ഥി ഫാദർ നിന്നൂക്കൻ. എന്തരോ ആവട്ട്.

കുമാരൻ വേദിയുടെ പുറകിലെത്തി. കുപ്പായവും കാൽശരായിയുമൂരിഞ്ഞ് പട്ടിക്കിട്ടു കൊടുത്തു. തോർത്തു മുണ്ടുടുത്തു. വേദിയുടെ മുകളിലേക്ക് മതിലിലൂടെ വലിഞ്ഞു കയറി. കഠിനം തന്നയ്യപ്പാ എന്ന് മനസ്സിൽ മൊഴിഞ്ഞു. ഒടുവിൽ കൊട്ടാരവളപ്പിൽ തടിച്ചു കൂടിയ ആബാലവൃദ്ധം ജനങ്ങൾ ആ കാഴ്ച കൺകുളിർക്കെ കണ്ട് സായൂജ്യമടഞ്ഞു. പിറന്ന പടി പ്ലസ് ഒരു തോർത്തു മുണ്ടുമായി നമ്മുടെ കുമാരൻ സോപ്പു തേച്ച് പതപ്പിച്ച് മഴയിൽ അർമാദിച്ചു കുളിക്കുന്നു!

പെൺപട ചിതറിയോടി നെയ്യാർ ഡാം കടന്നു. വേദിയുടെ മുമ്പിൽ ഇരുന്ന ഡീൻ വേഷം മണ്ണിലേക്ക് നോക്കി. ക്ലാങ്ങളും ക്ലാത്തികളും കാലാകാലങ്ങളായി ഓടിക്കളിച്ച് ചവിട്ടിയുറപ്പിച്ച മണ്ണാണിത്. പിളർന്ന് താഴേക്ക് പോകാൻ വല്യ വകുപ്പൊന്നും കാണുന്നില്ല. പിന്നെ മുകളിലേക്ക് നോക്കി. കണക്കിൽ അഗ്രഗണ്യനായ ഡീനദ്ദേഹം പെട്ടെന്ന് മിന്നൽ കാൽക്കുലേഷൻ നടത്തി. വേദിയുടെ ഉയരം 5 മീറ്റർ. അതിന് മുകളിൽ നിൽക്കുന്ന ആ എരണം കെട്ടവനേയും ചേർത്ത് ഒരു ആറേ മുക്കാൽ മീറ്റർ. തൊട്ടിപ്പുറത്തുള്ള മെയിൻ ബ്ലോക്ക് 15 മീറ്റർ. പി ജി ബ്ലോക്ക് അതിനേക്കാളും ഉയരം കാണും; വിത്ത് മിന്നൽ രക്ഷാ ചാലകം. ഇവനെ ഒന്ന് ഇടി വെട്ടിച്ച് കൊല്ലാനും സ്കോപ്പില്ലല്ലോ എന്റെ വേളാങ്കണ്ണി മദറേ...

ഏതായാലും പിറ്റേന്ന് കുമാരനെ കമ്പിയടിച്ച് വിളിപ്പിച്ചു. ഇത്തവണ പ്രിൻസിപ്പലാണ്(7). സ്ത്രീ വേഷം. പുതിയ ആളാണ്. കീഴ്‌വഴക്കമനുസരിച്ച് കുമാരനെ ഇങ്ങോട്ട് വന്ന് കാണേണ്ടതാണ്. ആ പോട്ട്. നാടുവാഴിത്തമൊക്കെ മാറി ജനാധിപത്യം വരാൻ പോണു എന്നല്ലേ കമ്മ്യൂണിസ്റ്റുകാരു പറയുന്നത്.

സ്ത്രീ വേഷത്തിന്റെ മുറിയുടെ മുൻവശം ബോർഡ് വെച്ചിട്ടുണ്ട്. പേരിന്റെ വാലറ്റം കുമാരന് ക്ഷ അങ്ങട് ബോദ്ധ്യായി. 'തമ്പുരാൻ'. കൂട്ട്യാക്കൂട്ടം. എങ്കിലും വിനയം വിടരുതല്ലോ. കുനിഞ്ഞ് നിന്ന് അകത്ത് പ്രവേശിച്ചു. കത്തിവേഷമല്ല; എന്നാലൊട്ടു പച്ചയുമല്ല. "ഇരിക്യ" എന്നായി വേഷം.

ഇരുന്നു.

"ഇന്നലത്തെ കലാപരിപാടി ബോധപൂർവം ചെയ്തതാണോ?"

"എന്നുവച്ചാൽ?"

"എന്നുവച്ചാൽ നീരാട്ടിനു മുമ്പേ സുരപാനം നടത്തിയിരുന്നോ എന്ന് സാരം"

"ഛായ്.. നോം മദ്യം കൈ കൊണ്ട് പോലും സ്പർശിക്കാറില്ല" (കുപ്പിയോടെ വിഴുങ്ങാറേ ഉള്ളെന്ന് ആത്മഗതം)

"ഏതായാലും ഇത്രടം വന്നതല്ലേ.. ഇത് വെച്ചോളൂ.."

കവർ വാങ്ങി ഇരു കണ്ണിലും ചേർത്തു. തുറന്നു നോക്കി. പ്രതീക്ഷിച്ചതു തന്നെ. സസ്പെൻഷൻ ഉത്തരവ്.

"തുടർച്ചയായി നാലാം വട്ടം വാങ്ങിയത് കൊണ്ട് പ്രിവിലെജ്ഡ് കസ്റ്റമർ പദവി വല്ലതും കല്പിച്ചരുളിയിട്ടുണ്ടോ ആവോ?"

"ഉണ്ടല്ലോ.. മേമ്പൊടിക്ക് ഒരു ഏകാംഗ അന്വേഷണ കമ്മീഷനെ നിയമിച്ചിട്ടുണ്ട്"

"സന്തോഷം"

"ആരാന്നറിയണ്ടേ?"

"യെവരു?"

"ഡീൻ. അദ്ദേഹത്തിന് അവിടുത്തോട് അദമ്യമായ പ്രേമമാണെന്നറിഞ്ഞു"

"ഒള്ളതു തന്നെ"

"അവിടുന്ന് ഡീനദ്ദേഹത്തെ 'കുരങ്ങു മോറൻ' തുടങ്ങിയ അസംസ്കൃത പദങ്ങൾ കൊണ്ട് അഭിസംബോധന ചെയ്യുകയുണ്ടായെന്ന് നോമറിഞ്ഞു?"

"അസത്യം. അദ്ദേഹത്തിന്റെ രൂപലാവണ്യം നരവംശ ശാസ്ത്രജ്ഞർക്ക് പരിണാമ സിദ്ധാന്തത്തെ പറ്റി പഠിക്കാൻ ഉതകും എന്നു മാത്രമേ നോം അരുളിയുള്ളൂ. ബൈ ദ ബൈ ഏതെങ്കിലും കുരങ്ങുകൾ മാനനഷ്ടക്കേസുമായി കോടതിയെ സമീപിക്കുകയുണ്ടായോ?"

അതിന് മറുപടിയായി അവിടുന്ന് വിടവാങ്ങിയാലും എന്നുള്ളതിന്റെ ഒരു സ്കാൻഡിനേവിയൻ പദപ്രയോഗം കേട്ട് കുമാരന് തിരിച്ചു പോരേണ്ടി വന്നു.

അച്ഛൻ തിരുമനസ്സിന് ഒരു വട്ടം കൂടി കൊട്ടാരം സന്ദർശിക്കേണ്ടതായി വന്നു. പിന്നെ സുഖമായിരുന്നു. ഒരു മാസത്തെ വിശ്രമ ചികിത്സ.

കുമാരൻ ഒരു വട്ടം കൂടി അവസാന വർഷ പരീക്ഷ എഴുതി. അടുത്ത വർഷം ചെയ്യേണ്ട കലാപരിപാടികൾ ആസൂത്രണം ചെയ്ത് ചപ്രമഞ്ചക്കട്ടിൽ കിടക്കവേ.. തുള്ളിച്ചാടിക്കൊണ്ട് ഒരു പത്രവുമായി മാതാശ്രീ വന്നു.

"പുത്രാ.. നീ ഒടുവിൽ ഇഞ്ചിനീരായിരിക്കുന്നു!"

കുമാരൻ നടുങ്ങി! അസാധ്യം! ഉത്തരക്കടലാസിൽ റോൾ നമ്പർ മാത്രം എഴുതിയാൽ എങ്ങനെ ജയിക്കും?? തലങ്ങും വിലങ്ങും ആലോചിച്ചു.. ഒടുവിൽ രഹസ്യാന്വേഷണക്കമ്മീഷന്റെ ഉപാധ്യക്ഷനായ സതീർത്ഥ്യൻ തന്നെ രഹസ്യ വാർത്ത കൊണ്ടു വന്നു.

പ്രിൻസിപ്പലും ഡീനും ചേർന്ന് യൂണിവേഴ്സിറ്റിക്കെഴുതിയിരുന്നുവത്രേ.. ഈ വർഷമെങ്കിലും ഈ മുതലിനെ ഇവിടുന്ന് ഒന്ന് ഇറക്കി വിടാൻ!!

************ **************** ****************** ***************** ****************** *****************

അനുബന്ധം:

അനുബന്ധം:

(1) വാൽട്യൂബ് എന്ന പേരിലറിയപ്പെട്ട ഈ അപാര ജന്മത്തെപ്പറ്റി അറിയാത്ത പുതു CETA അംഗങ്ങൾ കുറവായിരിക്കും. മാത്യു ജോസഫ് എന്നാണ് ശാസ്ത്രീയ നാമം. 1993 - 2001 കാലഘട്ടങ്ങളിൽ CET വനാന്തരങ്ങളിൽ ജീവിച്ചിരുന്നതിന് തെളിവുകളുണ്ടെങ്കിലും കൃത്യമായ പഠനകാലം രേഖപ്പെടുത്തുന്നതിൽ ചരിത്രകാരന്മാർ അമ്പേ പരാജയപ്പെട്ടിരിക്കുന്നു. ‘98 ലോ മറ്റോ പാസൌട്ടാകേണ്ടതാണെങ്കിലും ദൈവാനുഗ്രഹത്താൽ അതുണ്ടായില്ല. അതു കൊണ്ട് ഞങ്ങൾക്കൊക്കെ ആ പുണ്യ ജന്മത്തെ കാണാനും കാൽ തൊട്ടു വന്ദിക്കാനും സാധിച്ചു. വ്യാഘ്രം എന്നല്ല; വ്യവ്യാഘ്രം(പൂപ്പുലി) എന്നു വിളിക്കേണ്ട ഒരിനം. അസാരം കുരുത്തക്കേടുകൾ ഒപ്പിച്ചിരിക്കുന്നു ഈ വിദ്വാൻ. ഒരു പക്ഷേ കുരുത്തക്കേടുകളുടെ പേരിൽ പത്രത്തിൽ ഒരു കാൽപ്പേജ് ഫീച്ചർ വന്ന ആദ്യത്തെ CET ക്കാരനും ഇദ്ദേഹം തന്ന്യാവണം. അസാമാന്യ രസികൻ. പൊതുവെ നിരുപദ്രവകാരി. കാട്ടുപോത്തിന്റെ തോൽ.

(2) വാൾ അഥവ ഖഡ്ഗൻ. പ്രവീൺ എന്നാണ് തന്തയിട്ട പേര്. വാൽട്യൂബിന്റെ കാലത്തു തന്നെ CET യിൽ ജീവിച്ചിരുന്നു. ‘98 ൽ പാസൌട്ടാകേണ്ടതാണെങ്കിലും ട്യൂബിന് പിന്തുണ പ്രഖ്യാപിച്ചു കൊണ്ട് കോളേജിൽ പിടിച്ചു നിന്നു. അസാമാന്യ ധൈര്യം. കരിവീട്ടി നിറം. ടാർ വീപ്പയുടെ ആകൃതി. ചിരട്ട റോഡിൽ ഉരയ്ക്കുന്ന ശബ്ദസൌകുമാര്യം. ഹെർക്കലീസ് സൈക്കിൾ രഥത്തിൽ സദാ സവാരി. വിഷയ തല്പരൻ. അധ്യാപകരെ വട്ടം ചുറ്റിക്കുന്നതിൽ വാൽട്യൂബിനേക്കാൾ വേന്ദ്രൻ.

(3) മുറുക്കാൻ-സിഗരറ്റ്-പാൻപരാഗ് കട നടത്തുന്ന നമ്മടെ സ്വന്തം അനിയണ്ണൻ. ഇപ്പോൾ സ്ഥാനക്കയറ്റം കിട്ടി കാര്യവട്ടം ക്യാംപസിൽ പെട്ടിക്കടയിട്ടെന്ന് കേൾക്കുന്നു.

(4) വേറൊരു മുറുക്കാൻ കട ഓണർ. ഈയടുത്ത് മരിച്ചു പോയി. ഇപ്പോൾ മരുമകൻ ദ പാലീസ് കോൺസ്റ്റബിൾ ആണ് കടയുടെ ഇൻ ചാർജ്.

(5) ഫ്ലൂട്ട്സ് എന്ന ബഹുജന വിദ്യാർത്ഥി പ്രസ്ഥാനം. ഇപ്പോൾ ഉണ്ടോ എന്നറിയില്ല. മെക്കാനിക്കൽ ഡിപ്പാർട്ട്മെന്റിലെ കിങ്കരന്മാരാണ് പുറകിലെ തലച്ചോർ. ഒരു നേരമ്പോക്കിനുള്ള വക ഇവന്മാർ ഒപ്പിച്ചു കൊണ്ടു വരും.

(6) ഡിസ്റ്റിൽഡ് ഗോജിൽബ. ഫ്ലൂട്ട്സിനെ ചെറുക്കാൻ വേണ്ടി ഞങ്ങൾ യുവ കിങ്കരന്മാർ ചേർന്നു സ്ഥാപിച്ച സംഘടന. രണ്ടു വർഷം കൊണ്ട് അകാല ചരമം പ്രാപിച്ചു. ‘സ്റ്റിമ്പി സ്റ്റിമ്പി സ്റ്റുനാ സ്റ്റുനാ’ തുടങ്ങിയ പ്രശസ്ത മുദ്രാവാക്യങ്ങൾ ഇവരുടേതാകുന്നു. ഇതിന്റെ സ്ഥാപകനേതാക്കളിൽ പലരും ഇപ്പോൾ ദുബായിലുണ്ട്. ജാഗ്രതൈ!

(7) അന്നത്തെ ഞങ്ങടെ പ്രിൻസിപ്പൽ - ആശാലത തമ്പുരാൻ. പൂർവ CET വിദ്യാർത്ഥിനി. ഞങ്ങളെ ഒരു പാട് ഓടിച്ചിട്ടുണ്ട് ആയമ്മ! ഇപ്പോൾ തിരുവനന്തപുരത്തു തന്നെ മറ്റൊരു കോളേജിന്റെ പ്രിൻസിപ്പൽ (അതോ ഡയറക്ടറോ?)